പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1230

04/02/2019-ൽ മറുപടിയ്ക്ക്

## എയ്ഡഡ് സ്കൂളുകൾക്ക് നൽകുന്ന ആസ്തി വികസന ഫണ്ട്

| ചോദ്യം<br>ശ്രീ.കോവൂർ കുഞ്ഞുമോൻ | | മറുപടി<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | എയ്ഡഡ് സ്കൂളുകൾക്ക് എം.എൽ.എ ആസ്തി വികസന ഫണ്ടിൽ നിന്നും പരമാവധി എത്ര രൂപ വരെ അനുവദിക്കാം എന്ന് വിശദമാക്കാമോ; | (എ) | എയ്ഡഡ് സ്കൂളുകൾക്ക് അനുവദിക്കുന്ന ചാലഞ്ച് ഫണ്ടിൽ വ്യവസ്ഥകൾക്ക് വിധേയമായി സർക്കാർ അനുവദിക്കുന്നതിന് തുല്യമായ തുക എം.എൽ.എമാരുടെ അസ്തി വികസന ഫണ്ടിൽ നിന്നും നൽകാവുന്നതാണ്. ഇത് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ സ.ഉ(അച്ചടി) നം.30/2018/ധന തീയതി 01/03/2018 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട് (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു). |
| (ബി) | ഹൈടെക് ക്ലാസ് റൂമുകൾ ആസ്തി വികസന ഫണ്ട് മുഖേന അനുവദിക്കുന്നതിനുള്ള എന്തെങ്കിലും നിർദ്ദേശങ്ങൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ ; | (ബി) | പൊതുവിദ്യാഭ്യാസ വകുപ്പിലെ സ്കൂളുകൾക്കും ഓഫീസുകൾക്കും ആവശ്യമായ മുഴവൻ ഐ.സി.ടി ഹാർഡ് വെയർ ഉപകരണങ്ങളും സർക്കാർ സ്ഥാപനങ്ങളും പ്രോജക്ടുകളും നേരിട്ടും എം.എൽ.എ/എം.പി/തദ്ദേശ ഭരണ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ ഫണ്ടുപയോഗിച്ച് വാങ്ങുന്നതിനും 06.01.2018 സ.ഉ(സാ.ധാ)97/18/പൊ.വി.വ പ്രകാരം അനുമതി നൽകിയിട്ടുണ്ട് (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു). |
| (സി) | സർക്കാർ സ്കൂളുകൾക്ക് നൽകുന്ന എല്ലാ വികസന പദ്ധതികളും എയ്ഡഡ് മേഖലക്കും ലഭ്യമാക്കുമോ; | (സി) | സർക്കാർ എയ്ഡഡ് വ്യത്യാസമില്ലാതെ എല്ലാ സ്കൂളുകളിലും ഹൈടെക് പദ്ധതി നടപ്പിലാക്കുന്നുണ്ട്. എല്ലാ വികസന പദ്ധതികളും എയ്ഡഡ് മേഖലയ്ക്ക് ലഭ്യമാക്കുന്നില്ല. |

| | |
|---|---|
| (ഡി) പഴയ രീതിയിൽ നിർമ്മിച്ചിട്ടുള്ള സ്കൂൾ കെട്ടിടങ്ങളിൽ ഹൈടെക് ക്ലാസ്സ് മുറികൾ നിർമ്മിക്കാൻ മുൻകൂർ അനുമതി ആവശ്യമാണോ എന്ന് അറിയിക്കാമോ? | (ഡി) ഹൈടെക് ക്ലാസ് മുറികൾ സജ്ജമാക്കുന്നതിന് പ്രത്യേകാനുമതി ആവശ്യമില്ല. |

Hanitha P

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - നിയോജകമണ്ഡല ആസ്തി വികസന പദ്ധതി - ബഡ്ജറ്റിൽ പ്രഖ്യാപിച്ച ചലഞ്ച് ഫണ്ട് പദ്ധതിക്കായി ആസ്തി വികസന ഫണ്ട് വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നത് - സംബന്ധിച്ച്.

---

ധനകാര്യ (നോഡൽ സെന്റർ - ബി) വകുപ്പ്

സ.ഉ.(അച്ചടി) നം. 30/2018/ധന. തിരുവനന്തപുരം,തീയതി : 01.03.2018

---

പരാമർശം : 1. 2017-18 ലെ ബഡ്ജറ്റ് പ്രസംഗം

2. സ.ഉ.(അ) നം. 109/2017/ധന. തീയതി 18.08.2017

**ഉത്തരവ്**

2017-18-ലെ ബഡ്ജറ്റ് പ്രസംഗത്തിലെ ഖണ്ഡിക 45 പ്രകാരം സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നവീകരണത്തിനായി ചലഞ്ച് ഫണ്ട് രൂപീകരിക്കുന്നതായും ആയതിലേക്കായി 50 കോടി രൂപ വകയിരുത്തുന്നതായും ബഹു.ധനമന്ത്രി പ്രസ്താവിച്ചിട്ടുണ്ട്. സ്കൂൾ മാനേജ്മെന്റ്/ സ്കൂൾ സംരക്ഷണ സമിതി സമാഹരിക്കുന്ന തുകയ്ക്ക് ആനുപാതികമായ തുകയോ പരമാവധി 1 കോടി രൂപയോ ഇതിലേക്കായി സർക്കാർ നൽകുമെന്ന് പ്രസ്താവിച്ചിട്ടുണ്ട്.

ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ ചലഞ്ച് ഫണ്ട് പദ്ധതി സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

1. എയ്ഡഡ് മേഖലയിലെ LP, UP, HS, HSS വിഭാഗങ്ങളിൽപ്പെട്ട സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി അതത് മാനേജ്മെന്റുകൾ നിക്ഷേപിച്ചിട്ടുള്ള തുകയ്ക്ക് ആനുപാതികമായിട്ടാണ് സർക്കാർ ചലഞ്ച് ഫണ്ട് അനുവദിക്കുന്നത്. മാനേജ്മെന്റ് വിഹിതവും സർക്കാർ വിഹിതവും 1 : 1 എന്ന അനുപാതത്തിൽ ആയിരിക്കും. സർക്കാർ വിഹിതവും മാനേജ്മെന്റ് വിഹിതവും ഉൾപ്പെടെ പരമാവധി 1 കോടി രൂപ ഇപ്രകാരം ഒരു സ്കൂളിനായി സമാഹരിക്കാവുന്നതാണ്.
2. ആനുപാതികമായി നൽകുന്ന സർക്കാർ വിഹിതം ചലഞ്ച് ഫണ്ടിനായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുള്ള പ്രത്യേക ശീർഷകത്തിൽ നിന്നോ നിയോജകമണ്ഡല ആസ്തി വികസന ഫണ്ടിൽ നിന്നോ ആയിരിക്കും നൽകുക. സ്കൂളുകൾ ശുപാർശകൾ

സമർപ്പിക്കുന്നതിന്റെ മുൻഗണനാ ക്രമത്തിൽ, ബഡ്ജറ്റ് വിഹിതത്തിൽ അധികരിക്കാതെയായിരിക്കും പ്രത്യേക ശീർഷകത്തിൽ നിന്നുള്ള ഫണ്ട് അനുവദിക്കുന്നത്. നിയമസഭാ സാമാജികർക്ക് ചലഞ്ച് ഫണ്ട് പദ്ധതിയുടെ ഭാഗമായി ആനുപാതിക സർക്കാർ വിഹിതം വഹിക്കാൻ താൽപ്പര്യമുള്ള പക്ഷം താഴെപ്പറയുന്ന പരിധികൾക്കും ആസ്തി വികസന ഫണ്ടിന്റെ മാനദണ്ഡങ്ങൾക്കും വിധേയമായി പ്രസ്തുത തുക അനുവദിക്കുന്നതായിരിക്കും.

3. വിവിധ വിഭാഗത്തിൽപ്പെട്ട സ്കൂളുകൾക്ക് ചലഞ്ച് ഫണ്ടിനായുള്ള പ്രത്യേക ശീർഷകത്തിൽ നിന്നോ അല്ലെങ്കിൽ ആസ്തി വികസന ഫണ്ടിൽ നിന്നോ ഇപ്രകാരം അനുവദിക്കുന്ന പരമാവധി സർക്കാർ വിഹിതം ചുവടെ നൽകുന്നു.

   LP – 25 ലക്ഷം, UP – 25 ലക്ഷം, LP & UP – 40 ലക്ഷം,

   LP, UP & HS – 50 ലക്ഷം, HSS – 50 ലക്ഷം.

4. ചലഞ്ച് ഫണ്ട് (സർക്കാർ വിഹിതവും മാനേജ്മെന്റ് വിഹിതവും), സമഗ്രമായി തയ്യാറാക്കിയ ഒരു മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുന്ന താഴെപ്പറയുന്ന പ്രവൃത്തികൾക്ക് വിനിയോഗിക്കേണ്ടതാണ്.

   i) സ്കൂൾ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് / നവീകരിക്കുന്നതിന്
   ii) ലൈബ്രറി/ ലബോറട്ടറി
   iii) ഹൈടെക്/ സ്മാർട്ട് ക്ലാസ്സ് റൂമുകൾ
   iv) നിലവിലുള്ള സ്കൂൾ സ്റ്റേഡിയങ്ങളുടെ നവീകരണം
   v) ശുചിമുറി നിർമ്മാണം
   vi) പാചകപ്പുര/ ഡൈനിംഗ് ഹാൾ
   vii) കുടിവെള്ള സൗകര്യം ഒരുക്കുന്നതിന്

   *വാഹനങ്ങൾ വാങ്ങുന്നതിനോ ഭൂമി വാങ്ങുന്നതിനോ ചലഞ്ച് ഫണ്ട് വിനിയോഗിക്കരുത്.*

5. ചലഞ്ച് ഫണ്ട് പദ്ധതിയിൽ പരിഗണിക്കുന്നതിനായി സ്കൂളുകളിൽ അവശ്യം വേണ്ട വിദ്യാർത്ഥികളുടെ എണ്ണം ചുവടെ ചേർക്കുന്നു.

   ഗ്രാമീണ മേഖലയിൽ : LP – 50, UP – 50, LP & UP – 100, HS – 200,
   Composite Schools – 400, HSS – 200

   നഗര മേഖലയിൽ : LP – 75, UP – 100, LP & UP – 150, HS – 250,
   Composite Schools – 500, HSS – 200

6. തീരദേശ മേഖലയിലെയും ആദിവാസി മേഖലയിലെയും സ്കൂളുകൾ, വെൽഫെയർ സ്കൂളുകൾ, സിംഗിൾ മാനേജ്മെന്റ് സ്കൂളുകൾ എന്നിവയ്ക്കായിരിക്കും ഈ പദ്ധതിയിൽ മുൻഗണന. ഇവയിൽ സിംഗിൾ മാനേജ്മെന്റ് സ്കൂളുകൾ/ സ്റ്റാഫ് മാനേജ്മെന്റ് സ്കൂൾ എന്നിവയ്ക്ക് പ്രഥമ പരിഗണന നൽകുന്നതായിരിക്കും.
7. ചലഞ്ച് ഫണ്ടിലേക്കായി മാനേജ്മെന്റ് വിഹിതം നിക്ഷേപിച്ചതിന്റെ രേഖകൾ സഹിതം സ്കൂളുകൾ സമർപ്പിക്കുന്ന അപേക്ഷയുടെ അടിസ്ഥാനത്തിലായിരിക്കും പ്രവൃത്തികൾക്കുള്ള ഭരണാനുമതി പുറപ്പെടുവിക്കുന്നത്. ആസ്തി വികസന ഫണ്ടിൽ നിന്നുള്ള തുക കൂടി വിനിയോഗിക്കുന്നുണ്ടെങ്കിൽ ബന്ധപ്പെട്ട എം.എൽ.എ.യുടെ കത്തും ഉൾപ്പെടുത്തേണ്ടതാണ്. ഇത്തരം ശുപാർശകൾ ബന്ധപ്പെട്ട DEO/ AEO മാർ അതത് DDE മുഖാന്തിരം (HSS ആണെങ്കിൽ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർ) ജില്ലാ കളക്ടർമാർക്ക് കൈമാറേണ്ടതും ജില്ലാ കളക്ടർ ആയത് പരിശോധിച്ച് ആസ്തി വികസന പദ്ധതിയുടെ മാർഗ്ഗരേഖയ്ക്ക് അനുസൃതമായി പ്രസ്തുത തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്. മാനേജ്മെന്റ് വിഹിതം ബന്ധപ്പെട്ട അക്കൗണ്ടിൽ നിക്ഷേപിച്ചതിന്റെ രേഖകൾ സഹിതമാകണം ആസ്തി വികസന ഫണ്ട് വിഹിതത്തിനുള്ള ശുപാർശ ജില്ലാ കളക്ടർമാർക്ക് സമർപ്പിക്കേണ്ടത്. തുടർന്ന് ജില്ലാ കളക്ടർ മുഴുവൻ തുകയ്ക്കുമുള്ള ഭരണാനുമതി പുറപ്പെടുവിക്കേണ്ടതുമാണ്. സർക്കാർ വിഹിതം ചലഞ്ച് ഫണ്ടിനായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുള്ള പ്രത്യേക ശീർഷകത്തിൽ നിന്നാണെങ്കിൽ DEO/ AEO അത്തരം ശുപാർശകൾ DDE മുഖേന DPI യ്ക്ക് സമർപ്പിക്കുകയും DPI (HSS ആണെങ്കിൽ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർ) ആയത് പരിശോധിച്ച് ഭരണാനുമതി പുറപ്പെടുവിക്കേണ്ടതുമാണ് .
8. ചലഞ്ച് ഫണ്ടിനായുള്ള മാനേജ്മെന്റ് വിഹിതം പ്രധാനാധ്യാപകന്റെ മേൽനോട്ടത്തിലുള്ള സ്കൂളിന്റെ ട്രഷറി അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്. മാനേജ്മെന്റ് വിഹിതം ലഭ്യമായിട്ടുണ്ടെന്ന് DEO/ AEO സാക്ഷ്യപ്പെടുത്തുന്ന മുറയ്ക്കായിരിക്കും സർക്കാർ വിഹിതം അനുവദിക്കുന്നത്. സർക്കാർ വിഹിതം ചലഞ്ച് ഫണ്ടിനായി തുറന്നിട്ടുള്ള ഒരു പ്രത്യേക TSB അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്. TSB അക്കൗണ്ടിൽ നിന്നും തുക പിൻവലിക്കുന്നത് പ്രവർത്തന പുരോഗതി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലോ പർച്ചേസുകളാണെങ്കിൽ സാക്ഷ്യപ്പെടുത്തിയ ബില്ലുകളെ അടിസ്ഥാനമാക്കിയോ ആയിരിക്കണം. പരമാവധി തുകയിൽ അധികരിക്കാതെ, ബിൽ തുകയുടെ 50% ആയിരിക്കും സർക്കാർ വിഹിതത്തിൽ നിന്നും ഇപ്രകാരം പിൻവലിക്കാൻ അനുവദിക്കുക. പാർട്ട് ബില്ലുകൾക്കും ഇതേ രീതി

പിൻതുടരേണ്ടതാണ്. അക്രഡിറ്റഡ് ഏജൻസികൾക്ക് മുൻകൂറായി തുക അനുവദിക്കുമ്പോൾ ഇതിനായുള്ള നിലവിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ടായിരിക്കണം പ്രസ്തുത തുക അനുവദിക്കേണ്ടത്.

9. വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനായി തിരഞ്ഞെടുക്കപ്പെട്ട വിദ്യാലയങ്ങൾ, ബഡ്ജറ്റ് പ്രസംഗത്തിന്റെ (2017-18) ഖണ്ഡിക 43 പ്രകാരം ഉൾപ്പെട്ടിട്ടുള്ള സ്കൂളുകൾ എന്നിവ ഈ പദ്ധതി പ്രകാരം സർക്കാരിന്റെ ധനസഹായത്തിന് അർഹമല്ല

10. ഓരോ മാനേജ്മെന്റിനും ഒറ്റത്തവണ മാത്രമേ ഈ പദ്ധതി പ്രകാരം സർക്കാർ സഹായം ലഭിക്കുകയുള്ളൂ.

11. പദ്ധതിയിലുൾപ്പെട്ട് ആനുകൂല്യം ലഭിക്കുന്നതിനായി ഓരോ സ്കൂളും തങ്ങളുടെ മാസ്റ്റർപ്ലാൻ അവതരിപ്പിക്കേണ്ടതാണ്. വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനുള്ള രൂപരേഖ പരിശോധിക്കുന്നതിനായി നിയോഗിച്ച വിദഗ്ദ സമിതി പ്രസ്തുത മാസ്റ്റർ പ്ലാൻ പരിശോധിച്ച് തൃപ്തികരമാണെന്ന് റിപ്പോർട്ട് ചെയ്താൽ മാത്രമേ ഭൗതികസാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പരിഗണിക്കുകയുള്ളൂ

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**മിൻഹാജ് ആലം ഐ.എ.എസ്**

**സെക്രട്ടറി (ധനകാര്യ റിസോഴ്സസ്)**

പകർപ്പ് :

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), ( ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം,
2. അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ) കേരള, തിരുവനന്തപുരം.
3. ബഹു. സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്
4. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
5. എല്ലാ മന്ത്രിമാരുടെയും പ്രതിപക്ഷ നേതാവിന്റെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
6. എല്ലാ എം.എൽ.എ. മാർക്കും
7. എല്ലാ ഭരണവകുപ്പുകൾക്കും
8. എല്ലാ വകുപ്പധ്യക്ഷൻമാർക്കും
9. എല്ലാ ജില്ലാ കളക്ടർമാർക്കും
10. പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടർക്ക്
11. അഡീഷണൽ സെക്രട്ടറി, ധനകാര്യ പരിശോധനാ വിഭാഗം
12. എല്ലാ ചീഫ് എഞ്ചിനീയർമാർക്കും
13. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
14. എല്ലാ ട്രഷറി ഓഫീസർമാർക്കും
15. നോഡൽ ഓഫീസർ, www.finance.kerala.gov.in
16. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

**സെക്ഷൻ ഓഫീസർ**



Namitha
സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് - ഹൈടെക് സ്കൂൾ പ്രോജക്ട് - പൊതുവിദ്യാഭ്യാസ വകുപ്പിലെ സ്കൂളുകൾക്കും ഓഫീസുകൾക്കും ആവശ്യമായ മുഴുവൻ ഐ.സി.ടി ഹാർഡ്‌വെയർ ഉപകരണങ്ങൾ വാങ്ങുന്നതിനും വിന്യസിക്കുന്നതിനും പുതുക്കിയ മാർഗനിർദ്ദേശങ്ങൾ ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതു വിദ്യാഭ്യാസ (ഡി) വകുപ്പ്**

**സ.ഉ.(സാധാ)നം.97/2018/പൊ.വി.വ.** തിരുവനന്തപുരം,തീയതി,06.01.2018

പരാമർശം:-
1. സ.ഉ.(സാധാ) നം. 2777/2016/പൊ.വി.വ തീയതി 26.08.2016
2. സ.ഉ.(സാധാ) നം. 460/2017/പൊ.വി.വ തീയതി 20.02.2017
3. സ.ഉ.(സാധാ) നം. 2515/2017/പൊ.വി.വ തീയതി 30.07.2017
4. കൈറ്റ് വൈസ്-ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടറുടെ 22.12.2017 ലെ കൈറ്റ്/2017/1515-6(14) നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങൾക്കും സ്കൂളുകൾക്കും ആവശ്യമായ ഐ.സി.ടി. ഹാർഡ്‌വെയർ ഉപകരണങ്ങൾ വിവിധ സർക്കാർ ഫണ്ടുകൾ ഉപയോഗിച്ച് വാങ്ങുന്നതിനുള്ള മിനിമം സ്പെസിഫിക്കേഷൻ, ഈടാക്കാവുന്ന പരമാവധി തുക, വില്പനാനന്തര സേവന വ്യവസ്ഥകൾ എന്നിവ സംബന്ധിച്ച് വിവിധ വിഷയങ്ങൾ പരിശോധിക്കുന്നതിനും നിശ്ചയിക്കുന്നതിനും, കൈറ്റിന്റെ (ഐടി@സ്കൂൾ) മേൽനോട്ടത്തിൽ വിദഗ്ദ്ധരെ ഉൾപ്പെടുത്തി ഒരു സാങ്കേതിക സമിതി രൂപീകരിച്ച് ഉത്തരവായിരുന്നു.

സർക്കാർ ചുമതലപ്പെടുത്തിയ വിദഗ്ദ്ധരായ സാങ്കേതിക സമിതിയുടെ മേൽനോട്ടത്തിൽ കെൽട്രോൺ ദേശീയ ടെണ്ടർ നടത്തി ലഭിച്ച വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ സാങ്കേതിക സമിതി നിർദ്ദേശിച്ച ശിപാർശകൾ അംഗീകരിച്ചുകൊണ്ട് പൊതുവിദ്യാഭ്യാസ ഡയറക്ടർ പുറത്തിറക്കിയ മാർഗനിർദ്ദേശങ്ങൾ പരാമർശം (2), (3) പ്രകാരം സർക്കാർ ഉത്തരവായി പുറപ്പെടുവിച്ചിരുന്നു.

സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ 8 മുതൽ 12 വരെ ക്ലാസുകൾ ഹൈടെക് ആക്കുന്നതുമായി ബന്ധപ്പെട്ട് കൈറ്റ് ദേശീയ ടെണ്ടർ നടത്തി ലഭിച്ച പുതിയ വില വിവരങ്ങൾ ഉൾപ്പെടുത്തി പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ 20.12.17 ന് കൂടിയ സാങ്കേതിക സമിതി അംഗീകരിച്ചതായി കൈറ്റ് വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചതോടൊപ്പം പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തി സർക്കാർ ഉത്തരവ് പരിഷ്കരിക്കണമെന്നും പരാമർശം (4) ലെ കത്ത് മുഖാന്തിരം അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. പൊതു വിദ്യാഭ്യാസ / HSS / VHSE വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങൾക്കും സ്കൂളുകൾക്കും ആവശ്യമായ ഐ.സി.ടി ഹാർഡ്‌വെയർ ഉപകരണങ്ങൾ സർക്കാർ എം.പി/ എം.എൽ.എ /തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ ഫണ്ടുപയോഗിച്ചുള്ള വാങ്ങലുകൾക്കും ഒറ്റപ്പെട്ട വാങ്ങലുകൾക്കും, ആയത് വിന്യസിക്കുന്നതിനും പരാമർശം (2), (3) പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ താഴെപ്പറയുന്ന വ്യവസ്ഥകൾ ഉൾപ്പെടുത്തി പരിഷ്കരിച്ച് ഉത്തരവാകുന്നു.

1. ലാപ്ടോപ്പ്, പ്രൊജക്റ്റർ, സ്ക്രീൻ, 3 കെ.വി.എ യു.പി.എസ്, വൈറ്റ് ബോർഡ്, യു.എസ്.ബി സ്പീക്കർ, പ്രൊജക്റ്റർ മൗണ്ടിംഗ് കിറ്റ് എന്നിവ സർക്കാർ ഫണ്ടുപയോഗിച്ച് വാങ്ങുമ്പോൾ ആവശ്യമായ മിനിമം സ്പെസിഫിക്കേഷൻ, ഈടാക്കാവുന്ന പരമാവധി തുക, വില്പനാനന്തര സേവന വ്യവസ്ഥകൾ എന്നിവ അനുബന്ധം ആയി ചേർത്തിട്ടുള്ള മാർഗനിർദ്ദേശങ്ങൾ അനുസരിച്ച് ആയിരിക്കണം വാങ്ങേണ്ടത്.

2. സർക്കാർ സ്ഥാപനങ്ങളും പ്രോജക്റ്റുകളും നേരിട്ടും, എം.എൽ.എ/എം.പി/തദ്ദേശ ഭരണ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ ഫണ്ടുപയോഗിച്ചും നടപ്പാക്കുന്ന ഒറ്റപ്പെട്ട വാങ്ങലുകൾക്കും ഈ വ്യവസ്ഥകൾ ബാധകമായിരിക്കും.

3. സ്കൂളുകളിലേക്കും വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കും നൽകുന്ന എല്ലാ ഐ.സി.ടി ഉപകരണങ്ങൾക്കും അഞ്ച് വർഷം വാറണ്ടി ഉറപ്പാക്കണം. അനുബന്ധമായി നൽകിയ മാർഗനിർദ്ദേശങ്ങളിൽ നൽകിയിട്ടുള്ള തുകയ്ക്ക് ഉപരിയായി ഇൻസ്റ്റലേഷൻ, ട്രാൻസ്പോർട്ടേഷൻ തുടങ്ങിയ പ്രത്യേക ചാർജ്ജുകൾ ഈടാക്കാൻ പാടില്ല.

4. ഹൈടെക്/സ്മാർട്ട് ക്ലാസ് റൂമിന് ആവശ്യമായിട്ടുള്ളത് ലാപ്ടോപ്പ്, സീലിങ്ങിൽ ഉറപ്പിച്ചിട്ടുള്ള മൾട്ടിമീഡിയ പ്രൊജക്റ്റർ, പ്രൊജക്ഷന് അനുയോജ്യമായ രീതിയിൽ പെയിന്റടിച്ച ഭിത്തി/സ്ക്രീൻ, യു.എസ്.ബി സ്പീക്കർ, ബ്രോഡ്ബാൻഡ് ഇന്റർനെറ്റ് എന്നിവയാണ്.

5. പോർട്ടബിലിറ്റി, പവർ ബാക്ക്അപ്, വൈദ്യുതി ഉപയോഗം തുടങ്ങിയവ പരിഗണിച്ച് ലാപ്ടോപ് കമ്പ്യൂട്ടറുകളാണ് സ്കൂളുകളിൽ വിന്യസിക്കേണ്ടത്. മാർഗനിർദ്ദേശങ്ങളിൽ പരാമർശിക്കാത്ത ഉപകരണങ്ങൾ അത്യാവശ്യമെന്ന് തോന്നുന്ന പക്ഷം ഉപകരണമൊന്നിന് 15,000/- (പതിനയ്യായിരം രൂപ മാത്രം) രൂപയിൽ കവിയാതെയും മൊത്തം പ്രോജക്റ്റ് തുക 50,000/- (അൻപതിനായിരം രൂപ മാത്രം) രൂപയിൽ കവിയാതെയും സ്റ്റോർ പർച്ചേസ് മാനദണ്ഡങ്ങൾ പാലിച്ച് വാങ്ങാവുന്നതാണ്.

6. വിതരണക്കാർ പ്രഥമാധ്യാപകനും സ്കൂൾ കോ-ഓർഡിനേറ്റർക്കും ഉപകരണങ്ങൾ പ്രവർത്തിപ്പിച്ച് കാണിക്കേണ്ടതാണ്. എല്ലാ ഐ.സി.ടി ഉപകരണങ്ങളിന്മേലും ഇൻസ്റ്റലേഷൻ തീയതി, വാറന്റി പിരീഡ്, സർവീസ് നടത്തേണ്ട സ്ഥാപനം/വ്യക്തിയുടെ വിശദാംശങ്ങൾ എന്നിവ രേഖപ്പെടുത്തേണ്ടതാണ്.

7. ഉപകരണങ്ങൾ വിതരണം ചെയ്യുന്നവർ പരാതികൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള കാൾസെന്റർ നമ്പർ, വെബ് പോർട്ടൽ അഡ്രസ് എന്നിവ സ്കൂളുകൾക്ക് ലഭ്യമാക്കേണ്ടതാണ്.

8. ഹാർഡ്‌വെയർ പരാതികൾ വിതരണക്കാർ 2 പ്രവൃത്തി ദിവസങ്ങൾക്കകം അറ്റൻഡ് ചെയ്യേണ്ടതും, പരമാവധി അഞ്ച് പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ പരിഹരിക്കേണ്ടതുമാണ്. അല്ലാത്തപക്ഷം പ്രതിദിനം 100/- രൂപ നിരക്കിൽ പിഴ (പരമാവധി ഉപകരണത്തിന്റെ വിലയുടെ 10% എന്ന നിലയിൽ) ഈടാക്കേണ്ടതാണ്.

9. നിലവിലുള്ള നിയമങ്ങൾ പാലിച്ച് മാർഗനിർദ്ദേശങ്ങൾക്കനുസൃതമായി ഉപകരണങ്ങൾ സംസ്ഥാന സർക്കാർ റേറ്റ് കോൺട്രാക്റ്റ് ഏജൻസിയായി നിശ്ചയിച്ചിട്ടുള്ള കെൽട്രോൺ വഴിയും വാങ്ങാവുന്നതാണ്.

10. എസ്.സി.ഇ.ആർ.ടി / എസ്.സി.ഇ.ആർ.ടി നിർദ്ദേശിക്കുന്ന ഏജൻസി അംഗീകരിച്ചശേഷം മാത്രമേ സ്കൂളുകളിലേക്ക് ഡിജിറ്റൽ ഉള്ളടക്കം, ഡിജിറ്റൽ ലൈബ്രറികൾ തുടങ്ങിയ അക്കാദമിക് കണ്ടന്റ് ലഭ്യമാക്കാവൂ. പ്രൊപ്രൈറ്ററി ആയതും ലൈസൻസ് നിബന്ധനകൾ ഉള്ളതും ആയ സോഫ്റ്റ്‌വെയറുകൾ സ്കൂളുകളിൽ യാതൊരു കാരണവശാലും വിന്യസിക്കാൻ പാടില്ല.

11. ഈ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമല്ലാത്ത ഐ.സി.ടി പ്രൊപ്പോസലുകൾ സ്കൂളുകളിലും സ്ഥാപനങ്ങളിലും നടപ്പാക്കാനായി പൊതുവിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങളോ പൊതുമേഖലാ സ്ഥാപനങ്ങളോ (ടി.എസ്.പി കൾ) സർക്കാർ ഫണ്ട് പ്രയോജനപ്പെടുത്തുന്ന പദ്ധതികൾക്കായി (എം.പി./എം.എൽ.എ./തദ്ദേശഭരണ [illegible]) [illegible] പാടുള്ളതല്ല.

12. മേൽ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി വിവിധ സ്കീമുകൾക്ക് സമർപ്പിക്കുന്ന ഐ.സി.ടി. പ്രൊപ്പോസലുകൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പ്രത്യേകം സാങ്കേതിക അനുമതി ആവശ്യമില്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എ. ഷാജഹാൻ**

**സെക്രട്ടറി**

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വൊക്കേഷണൽ ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ, കൈറ്റ്, തിരുവനന്തപുരം
എല്ലാ എം.പി.മാർക്കും
എല്ലാ എം.എൽ.എ.മാർക്കും
സി.ഇ.ഒ., പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, തിരുവനന്തപുരം
സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
സെക്രട്ടറി, ഐ.റ്റി. വകുപ്പ്
സെക്രട്ടറി, ധനകാര്യ വകുപ്പ്
ഡയറക്ടർ, എസ്.സി.ഇ.ആർ.റ്റി., തിരുവനന്തപുരം
ഡയറക്ടർ, എസ്.ഐ.ഇ.റ്റി., തിരുവനന്തപുരം
ഡയറക്ടർ, സീമാറ്റ്, തിരുവനന്തപുരം
സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, എസ്.എസ്.എ., തിരുവനന്തപുരം
സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, ആർ.എം.എസ്.എ., തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, ഐ & പിആർഡി,തിരുവനന്തപുരം (വെബ് സൈറ്റ് മുഖാന്തിരം പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.